# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 202 | 19.06.2012-ൽ മറുപടിയ്ക്ക്

<u>സമഗ്ര വൃക്ഷവൽക്കരണ പദ്ധതി</u>

ചോദ്യം

ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, വി. ശശി
,, കെ. അജിത്

ഉത്തരം

ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് സമഗ്ര വൃക്ഷവൽക്കരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാമാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

എ) സമഗ്ര വൃക്ഷവൽക്കരണത്തിന്റെ ഭാഗമായി ഹരിത കേരളം നാലാം ഘട്ട പദ്ധതി നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സർക്കാരിതര സംഘടനകൾ, എൻ.എസ്.എസ്, എൻ.സി.സി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് എന്നിവർ വഴി തൈ വിതരണം നടത്തുന്നു. കൂടാതെ പൊതുസ്ഥലങ്ങളിലും റെയിൽവേയുടെ ലഭ്യമായ സ്ഥലങ്ങളിലും, തൈ നട്ടുപിടിപ്പിക്കുന്നു. ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശത്ത് തൈ വയ്ക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കിവരുന്നു.

ബി) സംസ്ഥാനത്ത് വിജയകരമായി നടപ്പാക്കിക്കൊണ്ടിരുന്ന എന്റെ മരം പദ്ധതി, വഴിയോര തണൽ പദ്ധതി, സാമൂഹ്യവനവൽക്കരണത്തിനായുള്ള പദ്ധതികൾ എന്നിവ ഇപ്പോഴും തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

ബി) എന്റെ മരം പദ്ധതി , വഴിയോരത്തണൽ പദ്ധതി, സാമൂഹ്യ വനവൽക്കരണത്തിനായുള്ള പദ്ധതികൾ എന്നിവ വിപുലീകരിച്ചും പരിഷ്ക്കരിച്ചും ഹരിത കേരളം 4-ാം ഘട്ടം എന്ന ബൃഹത് പദ്ധതിയുടെ ഭാഗമായി ഇപ്പോഴും തുടരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ സ്കൂൾ കുട്ടികൾക്കുള്ള തൈ വിതരണം വിപുലീകരിച്ച് 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കു കൂടി തൈ വിതരണം നടത്തി വരുന്നു.

| | | | |
|---|---|---|---|
| സി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഫലവൃക്ഷ തൈകളും ഔഷധ സസ്യങ്ങളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ഇനങ്ങളിൽപ്പെട്ടവയാണെന്ന് വെളിപ്പെടുത്തുമോ ? | സി) | ഹരിത കേരളം 4-ാം ഘട്ടം പദ്ധതി പ്രകാരം ഫല വൃക്ഷങ്ങളും ഔഷധ സസ്യങ്ങളും വിതരണം ചെയ്തു വരുന്നു. പുളി, മാവ്, പ്ലാവ്, കുടമ്പുളി, സപ്പോട്ട, പേര, നെല്ലി, ഞാവൽ, ബദാം എന്നീ ഫല വൃക്ഷങ്ങളും, ആര്യവേപ്പ്, അശോകം, കൂവളം, കുമ്പിൾ, പതിമുഖം, കറുവ, ദന്തപ്പാല തുടങ്ങിയ ഔഷധ സസ്യങ്ങളും വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ